പതിമൂന്നാം കേരളനിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ - 2732

10.12.2014 ലെ മറുപടിയ്ക്ക്

## കുറ്റ്യാടി കനാലിലെ അക്വാഡക്റ്റുകളുടെ നവീകരണ പ്രവർത്തനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.സി.കെ.നാണു | ശ്രീ.പി.ജെ.ജോസഫ് (ബഹു.ജലവിഭവ വകുപ്പ് മന്ത്രി) |
| എ) വടകരനിയോജക മണ്ഡലത്തിലെ കുറ്റ്യാടി കനാലിൽ അപകടകരമാണെന്ന് ഉദ്യോഗസ്ഥർ എഴുതിവച്ച അക്വാഡക്റ്റുകൾ നന്നാക്കാൻ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എന്തെങ്കിലും തുക ചെലവഴിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര തുക, ഏതെല്ലാം പഞ്ചായത്തുകളിൽ ഏതെല്ലാം പ്രവൃത്തികൾക്ക് ചെലവഴിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ; | എ) ചിലവഴിച്ചിട്ടില്ല |
| ബി) വേനൽകാലത്തടക്കം കൃഷിക്ക് വെള്ളം നൽകുന്ന കനാലിലെ അക്വാഡക്റ്റുകളുടെ തകരാർ പരിഹരിക്കാൻ കുറ്റ്യാടി കനാലിന് സർക്കാർ അനുവദിച്ച സംഖ്യയിൽ നിന്നും ഈ വർഷമെങ്കിലും ഫണ്ട് നൽകി അടിയന്തരമായി അക്വാഡക്റ്റുകളുടെ നവീകരണ പ്രവർത്തനം നടത്താൻ തയ്യാറാകുമോ ? | ബി) കുറ്റ്യാടി ഇറിഗേഷൻ പദ്ധതിയുടെ 2014-15 വർഷത്തെ വാർഷിക അറ്റകുറ്റപ്പണികൾക്കായി "2700-13-KyIP-101-98-18-Mtce" എന്ന ശീർഷകത്തിൽ 2.40 കോടി രൂപ അനുവദിച്ചിട്ടുണ്ട്. തകർന്ന അക്വാഡക്റ്റുകളുടെ പുനരുദ്ധാരണത്തിനായി ടി പ്രവൃത്തികൾ AIBP യിൽ ഉൾപ്പെടുത്തുന്നതിനായി പുതുക്കിയ AIBP മാനദണ്ഡപ്രകാരം CPWD നിരക്കിലുള്ള പുതുക്കിയ എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയർ തയ്യാറാക്കിവരുന്നുണ്ട്. ആയത് സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കുന്നതാണ്. |

Tommy PP

സെക്ഷൻ ഓഫീസർ